ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്; തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്.

IV. സബ്മിഷൻ

(1) പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

ശ്രീ. വി. കെ. ചന്ദ്രൻ: സർ, മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ ഡി. സി./ടൈപ്പിസ്റ്റ് നിയമനത്തിനുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ആഗസ്റ്റ് മാസം 1-ാം തീയതി അവസാനിക്കുകയാണ്. അതിനുവേണ്ടി 1993-ലാണ് പി. എസ്. സി. അപേക്ഷ ക്ഷണിച്ചത്. 1998-ൽ പരീക്ഷ നടത്തി. 2002-ലാണ് റാങ്ക് ലിസ്റ്റ് പുറത്തുവരുന്നത്. 2002-ൽ റാങ്ക് ലിസ്റ്റ് പുറത്തുവരുമ്പോഴേക്കും തൊഴിലിനുവേണ്ടി അപേക്ഷിച്ചവരുടെ പ്രായപരിധി കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പല ആളുകളുടേയും പ്രായപരിധി കഴിഞ്ഞുപോയി. ഇനി ഒരു പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ വന്ന് ഒരു തൊഴിൽ കിട്ടും എന്ന സാദ്ധ്യത ഇവരെ സംബന്ധിച്ച് ഇല്ല. നിയമന നിരോധനത്തിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റുകളും ഒഴിവുകളും റിപ്പോർട്ടു ചെയ്യണ്ട എന്നുള്ള ഒരു വ്യവസ്ഥ ഇവിടെ നിലവിലിരുന്നു. യഥാസമയം വേക്കൻസി റിപ്പോർട്ട് ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് പി. എസ്. സി.ക്ക് ഈ വേക്കൻസികളിൽ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ കഴിയാതിരുന്നത്. ഇപ്പോഴും റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുകയും ചെയ്തതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഡിപ്പാർട്ടുമെന്റുകളെ കൊണ്ട് വേക്കൻസി റിപ്പോർട്ട് ചെയ്യിച്ച് ആ വേക്കൻസികളിൽ പി. എസ്. സി. യെക്കൊണ്ട് നിയമനം നടത്തിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായി സ്വീകരിക്കുന്നതോടൊപ്പം തന്നെ സാദ്ധ്യതകളും മുൻനിർത്തി പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടി നീട്ടിക്കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇപ്പോൾ നിയമന നിരോധനം ഇല്ല. ഒഴിവുകളും മുഴുവൻ നികത്തപ്പെടും. ഞാൻ അത് വ്യക്തമായി ഒരിക്കൽക്കൂടി ഈ സഭയ്ക്ക് ഉറപ്പുതരികയാണ്. മുനിസിപ്പാലിറ്റി കോമൺ സർവ്വീസിൽ മാത്രമല്ല, ഏതെങ്കിലും പോസ്റ്റുകളിൽ പി. എസ്. സി. ലിസ്റ്റ് ഉണ്ടായിരുന്നിട്ടും ഒഴിവുകൾ നികത്താതിരിക്കുകയോ ഡെയ്ലി വേജസിലോ മറ്റേതെങ്കിലും വിധത്തിലോ ആളുകളെ നിയമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർമാർ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി. അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സാധാനം ചോദിക്കുകയും ആ വേക്കൻസി നികത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. പക്ഷെ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്. അതിനോട് പി. എസ്. സി.-യും യോജിക്കുന്നില്ല. നിയമന നിരോധനമില്ലാത്ത ഒരു അവസരത്തിലല്ലെങ്കിൽ മറ്റെങ്കിലും സാങ്കേതികമായ സാഹചര്യത്തിൽ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനു ബുദ്ധിമുട്ടുണ്ട്; അതുകൊണ്ട് സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതേസമയം ഒരാറര ഒഴിവുപോലും നികത്താതിരിക്കില്ല. നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകളും ആ ലിസ്റ്റ് ക്യാൻസൽ ചെയ്യുന്നതിനുമുമ്പ് നികത്തിയിരിക്കണം എന്നുള്ള വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞകാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: ഇത് പൊതുവേ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പറയുന്ന ഒരു കംപ്ലെയിന്റാണ്. പീരിയോഡിക്കലായിട്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള ഒരു സ്റ്റാന്റിംഗ് ഓർഡർ അല്ലെങ്കിൽ ഇൻസ്ട്രക്ഷൻ കൊടുത്തുകൂടേ?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങനെയുണ്ട്. ഈ 100 ദിവസത്തെ പരിപാടിക്കിടയിൽ ഇരുപതിനായിരത്തോളം പോസ്റ്റുകളാണ് പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തത്. ഞങ്ങൾ മൊത്തം കണക്കുനോക്കുമ്പോൾ 97 ശതമാനവും റിപ്പോർട്ട് ചെയ്തിരുന്നു. നിയമപരമായ തടസ്സങ്ങളും മറ്റ് സാങ്കേതിക പ്രശ്നങ്ങളും ഉള്ളതു മാത്രമാണ് റിപ്പോർട്ട് ചെയ്യാതിരുന്നത്. ഇനിയും അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരം വച്ചുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റിലേയും വേക്കൻസികളുടെ നിലവാരവും നിയമനങ്ങളും എല്ലാം പ്രോസസ് ചെയ്യാൻ ചീഫ് സെക്രട്ടറിക്ക് പ്രത്യേക നിർദ്ദേശം കൊടുക്കുന്നതാണ്. അതുപോലെ പ്രൊമോഷൻ നടന്നില്ലെങ്കിൽ താഴത്തെ ഗ്രേഡിൽ വേക്കൻസി ഉണ്ടാകില്ല. അതുകൊണ്ട് പ്രൊമോഷന്റെ കാര്യത്തിലും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡി. പി. സി. കൂടേണ്ടതിന് യഥാസമയം ഡി. പി. സി. കൂടണം, പ്രൊമോഷൻ കൊടുക്കേണ്ടവർക്ക് പ്രൊമോഷൻ കൊടുക്കണം. അങ്ങനെ ഏതെങ്കിലും വിധത്തിൽ ഒരാളെക്കൂടി നിയമിക്കാൻ സാധിക്കുമെങ്കിൽ അത് നിയമിക്കണം എന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അതനുസരിച്ചുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ നിർദ്ദേശം പാലിക്കും എന്ന് ഉറപ്പുവരുത്തുന്നതാണ്.

(2) സമരങ്ങളും പ്രകടനങ്ങളും നടത്തുന്നതിന് പ്രത്യേക സ്ഥലം കണ്ടെത്തൽ

ശ്രീ. എം. എ. ഹസ്സൻ: സർ, സെക്രട്ടേറിയറ്റും നിയമസഭയും സ്ഥിതിചെയ്യുന്ന ഈ തലസ്ഥാന നഗരിയിൽ സമരങ്ങളും പ്രകടനങ്ങളും ഇന്ന് ഒരു നിത്യസംഭവമാണ്. തലസ്ഥാനത്തെ ജനജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന ഈ സമരങ്ങളും പ്രകടനങ്ങളും നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെന്റ് ഇതിനുമുമ്പ് തീരുമാനിച്ചിട്ടുണ്ട്. കോടതി ഉത്തരവും ഉണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ സഭയിൽ ഞാനടക്കം പല അംഗങ്ങളും സമരങ്ങളും പ്രകടനങ്ങളും നടത്തുന്നതിന് ഒരു പൊതുവേദി കണ്ടുപിടിക്കണമെന്ന നിർദ്ദേശം പല സന്ദർഭത്തിലും ഉന്നയിച്ചിട്ടുള്ളതാണ്.

(.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.

ശ്രീ. എം. എ. ഹസ്സൻ: എന്തിനാണ് ബഹളം ഉണ്ടാക്കുന്നത്? എനിക്ക് ഒരു സബ്മിഷൻ അനുവദിച്ചതല്ലേ? ഞാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറല്ലേ? എനിക്ക് പറയാൻ അവകാശമില്ലേ? ഞാൻ ഇത്

LIBRARY ARCHIVES Kerala Legislative Assembly